ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. അതിർത്തി കടന്ന് പാകിസ്ഥാൻ നടത്തുന്ന ഭീകരവാദത്തെ അപലപിച്ച് ഇന്ത്യ - ജപ്പാൻ സംയുക്ത പ്രസ്താവന ; എല്ലാ രൂപത്തിലുമുള്ള ഭീകരതയെയും ശക്തമായി അടിച്ചമർത്തണമെന്ന് ആഹ്വാനം.

   **India-Japan joint statement condemns Pakistan-sponsored cross-border terrorism. Joint Statement calls for resolute action against terrorism in all its forms and manifestations.**

2. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ; ഇന്ത്യ - ജപ്പാൻ പങ്കാളിത്തത്തിന്റെ അടിസ്ഥാന ഘടകമാണ് സാമ്പത്തിക സുരക്ഷയെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi says India is the world's fastest-growing major economy. PM highlights economic security as a foundational pillar of the India-Japan partnership.**

3. രാജ്യത്തെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ എബോള പരിശോധനയ്ക്ക് എയർ സുവിധ 2.0 പോർട്ടൽ സജ്ജമാക്കി വ്യോമയാന മന്ത്രാലയം.

   **Centre launches AIR SUVIDHA 2.0 portal for Ebola health screening at entry points of international airports across the country.**

4. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട ഓഹരി കൈമാറ്റ നീക്കം സംസ്ഥാന സർക്കാരിനെ അറിയിക്കാതെയാണെന്ന് മുഖ്യമന്ത്രി

വി.ഡി സതീശൻ. സംസ്ഥാന സർക്കാരിന്റെ അതൃപ്തി അദാനി പോർട്ട് അധികൃതരെ അറിയിച്ചതായും മുഖ്യമന്ത്രി.

**Chief Minister V.D. Satheesan said the proposed share transfer related to the Vizhinjam Port was initiated without informing the State Government. He added that the State Government's dissatisfaction over the move has been conveyed to the officials of Adani Ports.**

5. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത ; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത; കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rainfall alert in Keralam. Orange Alert has been issued in Kannur and Kasaragod districts today. Fishing has been banned along the Keralam, Karnataka and Lakshadweep coasts.**

6. ഫിഫ ലോകകപ്പിൽ ക്രൊയേഷ്യയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി പോർച്ചുഗൽ പ്രീക്വാട്ടറിൽ.

**Portugal enter Round of 16 with 2-1 win over Croatia in FIFA World Cup.**

*************************************

## INDIA JAPAN JOINT STATEMENT TERRORISM

അതിർത്തി കടന്നുള്ള പാക് ഭീകരവാദത്തെ അപലപിച്ച് ഇന്ത്യ - ജപ്പാൻ സംയുക്ത പ്രസ്താവന. ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജപ്പാൻ പ്രധാനമന്ത്രി സനെയ് തകൈച്ചിയുമാണ് എല്ലാ രൂപത്തിലുമുള്ള ഭീകരതയെയും ശക്തമായി അടിച്ചമർത്തണമെന്ന് ആഹ്വാനം ചെയ്തത്. പഹൽഗാമിലും ഡൽഹിയിലും കഴിഞ്ഞ വർഷം നടന്ന ആക്രമണങ്ങളെ ശക്തമായി അപലപിച്ച ഇരു പ്രധാനമന്ത്രിമാരും കുറ്റവാളികളെ ഉടൻ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടു. ഐക്യരാഷ്ട്ര സഭ നിരോധിച്ച ഭീകര സംഘടനകൾക്കെതിരെ യോജിച്ച നീക്കങ്ങൾക്കും, ഭീകരവാദത്തിനുള്ള സാമ്പത്തിക പിന്തുണ അവസാനിപ്പിക്കുന്നതിനും പ്രതിജ്ഞാബദ്ധമാണെന്ന് ഇരു

നേതാക്കളും വ്യക്തമാക്കി. സമാധാനം, സ്ഥിരത, സമൃദ്ധി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ആസിയാൻ അംഗരാജ്യങ്ങളുമായുള്ള സഹകരണത്തിന്റെ പ്രാധാന്യവും അവർ എടുത്തുപറഞ്ഞു. മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനം പൂർത്തിയാക്കി ജപ്പാൻ പ്രധാനമന്ത്രി ഇന്ന് മടങ്ങും.

********************************

## P M ECONOMIC FORUM(INTRO)

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-ജപ്പാൻ സംയുക്ത സാമ്പത്തിക ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ച 7.7 ശതമാനമായിരുന്നു. ഇന്ത്യ-ജപ്പാൻ സാമ്പത്തിക പങ്കാളിത്തത്തിൻറെ വിജയത്തിന് നിരവധി തിളക്കമാർന്ന ഉദാഹരണങ്ങളുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

(ഹോൾഡ്) (വോയ്സ്)

********************************

## AIR SUVIDHA

രാജ്യത്തുടനീളമുള്ള അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ എബോള പരിശോധനയ്ക്ക് നവീകരിച്ച സംവിധാനം ആരംഭിച്ചു. എയർ സുവിധ 2.0 എന്ന പോർട്ടൽ വ്യോമയാന മന്ത്രാലയത്തിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസും ഡൽഹി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും സംയുക്തമായാണ് ഈ ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിച്ചത്. അന്താരാഷ്ട്ര യാത്രക്കാർക്കായി പൂർണ്ണമായും സമ്പർക്കരഹിതവും പേപ്പർരഹിതവുമായ ആരോഗ്യ സ്വയം പ്രഖ്യാപന സംവിധാനമാണ് ഇത്.

************************************

## PURI-REFINERY (INTRO)

രാജ്യത്തിൻറെ എണ്ണ ശുദ്ധീകരണ ശേഷി അതിവേഗം വളരുകയാണെന്ന് കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി. ഇന്ത്യയുടെ എണ്ണ ശുദ്ധീകരണ ശേഷി പ്രതിവർഷം 300 ദശലക്ഷം മെട്രിക് ടണ്ണായി ഉയരുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടയിലും, രാജ്യത്ത് പെട്രോൾ, ഡീസൽ വിലയിലും വിതരണത്തിലും സർക്കാർ സുതാര്യത ഉറപ്പാക്കിയതായും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

************************************

## INDIA-KHAMENEI FUNERAL

ഇറാൻ പരമോന്നത നേതാവ് അയത്തുള്ള സയ്യിദ് അലി ഖമേനിയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ വിദേശകാര്യ സഹമന്ത്രി പബിത്ര മർഗരിറ്റയും ബീഹാർ ഗവർണർ സയ്യിദ് അതാ ഹസ്നൈനും ഇന്ന് ഇറാനിലെത്തും. ഇരുരാജ്യങ്ങളും തമ്മിലുള്ള ശക്തമായ ബന്ധം കണക്കിലെടുത്താണ് നടപടിയെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

************************************

## NIRMALA FRENCH COMPANIES

പാരീസിൽ സന്ദർശനം നടത്തുന്ന കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ ബിഎൻപി പാരിബാസ് ഗ്രൂപ്പിന്റെ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും എക്സിക്യൂട്ടീവ് ചെയർമാനുമായ യാൻ ജെറാർഡിനുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളെയും നിക്ഷേപ അന്തരീക്ഷത്തെയും ബിഎൻപി പാരിബാസ് പ്രശംസിച്ചു.

ഫ്ലൈയിംഗ് വെയിൽസിന്റെ പ്രസിഡന്റ് സെബാസ്റ്റ്യൻ ബൗഗണിനുമായും ശ്രീമതി സീതാരാമൻ ചർച്ച നടത്തി.

*********************************

## AMARNATH YATRA

അമർനാഥ് യാത്രയ്ക്ക് ഇന്ന് തുടക്കമാകും. ജമ്മു കശ്മീരിലെ പഹൽഗാം, ബൽതാൽ എന്നീ പാതകളിലൂടെ 57 ദിവസം നീളുന്നതാണ് തീർത്ഥാടന യാത്ര. തീർത്ഥാടകരുടെ ആദ്യ സംഘം ഇന്നലെ അനന്ത്നാഗ് ജില്ലയിലെയും ഗന്ദർബാൽ ജില്ലയിലെയും ക്യാമ്പുകളിൽ എത്തിച്ചേർന്നു. 4,822 തീർത്ഥാടകരാണ് ആദ്യ സംഘത്തിലുള്ളത്. അടുത്ത മാസം 28-ന് അമർനാഥ് യാത്ര സമാപിക്കും.

*********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

*********************************

## CM OFFICE – RELEASE

സംസ്ഥാന സർക്കാരിനെ അറിയിക്കാതെയാണ്, വിഴിഞ്ഞം തുറമുഖത്ത്, മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി 49 ശതമാനം ഓഹരി പങ്കാളിത്തത്തോടെ നിക്ഷേപം നടത്തുമെന്ന പ്രഖ്യാപനമുണ്ടായതെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അതൃപ്തി അദാനി പോർട്ട് അധികൃതരെ അറിയിച്ചതായും മുഖ്യമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി. സർക്കാരിന്റെ അനുമതിയോട് കൂടി മാത്രമെ ഓഹരി ഘടനയിൽ മാറ്റം വരുത്താനാകൂ എന്നും, കരാറിലെ വ്യവസ്ഥകൾ

പരിശോധിച്ചതിന് ശേഷം തുടർ നിലപാട് സ്വീകരിക്കുമെന്നും വാർത്താക്കുറിപ്പിൽ പറയുന്നു.

***********************************

## HAJ – PASSPORT

അടുത്ത വർഷത്തേക്കുള്ള ഹജ്ജിന് അപേക്ഷിക്കുന്ന തീർഥാടകരുടെ പാസ്പോർട്ട് അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കാൻ പാസ്പോർട്ട് ഓഫീസുകൾക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് മന്ത്രി എൻ. ഷംസുദ്ദീൻ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രിക്ക് കത്തയച്ചു. 2027-ലെ ഹജ്ജിനുള്ള ഓൺലൈൻ അപേക്ഷകൾ ഈ മാസം 20 വരെയാണ് സ്വീകരിക്കുന്നത്. പാസ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ റീജിയണൽ പാസ്പോർട്ട് ഓഫീസുകളിൽ പ്രത്യേക കൗണ്ടറുകൾ ആരംഭിക്കാനും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനും അടിയന്തര നിർദ്ദേശം നൽകണമെന്നും മന്ത്രി കത്തിൽ ആവശ്യപ്പെട്ടു.

***********************************

## RAIN – KERALA (INTRO)

സംസ്ഥാനത്തെ മിക്ക ജില്ലകളിലും ഇന്ന് ശക്തമായ മഴ ലഭിക്കാൻ സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കേരളം - കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയ്സ്)

***********************************

## CENSUS

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണം പുരോഗമിക്കുന്നു. കേരളത്തിൽ ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലാണ് നടക്കുക.

***********************************

## FIFA WORLD CUP (INTRO)

ഫിഫ ലോകകപ്പ് ഫുട്ബോൾ നോക്ക് ഔട്ടിൽ ക്രൊയേഷ്യക്കെതിരെ പോർച്ചുഗലിന് വിജയം. **ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്)**

ഇന്ത്യൻ സമയം ഇന്ന് രാവിലെ 8.30 ന് സ്വിറ്റ്സർലാന്റ് അൾജീരിയയെ നേരിടും. പ്രീക്വാർട്ടർ മത്സരങ്ങൾ നാളെ ആരംഭിക്കും.

***********************************

## INDIA - SL TOUR CRICKET

അടുത്ത മാസം 15 മുതൽ 27 വരെ നടക്കുന്ന ഇന്ത്യ- ശ്രീലങ്ക രണ്ട് മത്സരങ്ങളുള്ള ടെസ്റ്റ് പരമ്പരയുടെ സമയക്രമം ബിസിസിഐ പ്രഖ്യാപിച്ചു. ഐസിസി വേൾഡ് ടെസ്റ്റ് ചാമ്പ്യൻഷിപ്പ് 2025-27ന്റെ ഭാഗമാണ് ഈ പരമ്പര. ടീമിനെ ശുഭ്മാൻ ഗിൽ നയിക്കും. അതെസമയം, ഇന്ത്യ - ഇംഗ്ലണ്ട് ട്വൻറി ട്വൻറി പരമ്പരയിലെ രണ്ടാം മത്സരം നാളെ മാഞ്ചസ്റ്ററിൽ നടക്കും.

***********************************

## THAILAND - MONK KILLED

തായ്‌ലൻഡിൽ, വടക്കുകിഴക്കൻ മുക്ദഹാൻ പ്രവിശ്യയിൽ തീർത്ഥാടനയാത്രയ്ക്കിടെ ഉണ്ടായ അപകടത്തിൽ ഒമ്പത് സന്യാസിമാർ മരിച്ചു. സന്യാസിമാരുടെ കൂട്ടത്തിലേക്ക് 11 വയസ്സുള്ള ഒരു ആൺകുട്ടി പിക്കപ്പ് ട്രക്ക് ഇടിച്ചുകയറ്റിയതിനെ തുടർന്നാണ് അപകടമുണ്ടായത്. കുട്ടിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വരികയാണ്.

**************************************

## RUSSIA-UKRAINE ATTACK

ഉക്രെയ്ൻ തലസ്ഥാനമായ കീവിൽ റഷ്യ നടത്തിയ ഡ്രോൺ, മിസൈൽ ആക്രമണങ്ങളിൽ 27 പേർ കൊല്ലപ്പെട്ടു. 90 പേർക്ക് പരിക്കേറ്റു. വിവിധ സ്ഥലങ്ങളിൽ നിരവധി കെട്ടിടങ്ങൾക്ക് നാശനഷ്ടം സംഭവിച്ചു. ഉക്രെയ്ൻ നടത്തിയ ആക്രമണങ്ങൾക്ക് മറുപടിയായാണ് ഈ പ്രതിരോധ നടപടിയെന്ന് റഷ്യയുടെ പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

**************************************

## SYRIA-BLAST

സിറിയയിലെ ഡമാസ്കസിൽ ഉണ്ടായ സ്ഫോടനത്തിൽ ഒമ്പത് പേർ കൊല്ലപ്പെട്ടു. 20 പേർക്ക് പരിക്കേറ്റു. തലസ്ഥാനമായ ഹെജാസ് ജില്ലയിലെ ഒരു കഫേയിലാണ് സ്ഫോടനമുണ്ടായത്. ആക്രമണത്തെക്കുറിച്ച് അന്വേഷണം ആരംഭിച്ചതായി സിറിയൻ ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

**************************************

## PIB FACT CHECK – FINANCE

22,000 രൂപ നിക്ഷേപിക്കുന്നതിലൂടെ പ്രതിമാസം 20 ലക്ഷത്തിലധികം വരുമാനം ലഭിക്കുന്ന നിക്ഷേപ പദ്ധതിയെ കുറിച്ച് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ വിശദീകരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഈ വീഡിയോ വസ്തുതാവിരുദ്ധമാണെന്നും ധനമന്ത്രി ഇത്തരമൊരു പ്രസ്താവന നടത്തിയിട്ടില്ലെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം അറിയിച്ചു.

***************************************************************************************************

*********************